**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1483** **30-08-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി ഏറ്റെടുത്ത് പട്ടയം നൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം എസ്റ്റേറ്റുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുത്ത് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ? | (എ) | തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷന്റെ 73.73 ഏക്കർ ഭൂമി 18.08.2000 ലെ TLB SR/980/TPY നമ്പർ ഉത്തരവ് പ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് ഉത്തരവായിരുന്നു. പ്രസ്തുത ഭൂമിയിൽ നിന്ന് 63.73 ഏക്കർ ഭൂമി "ഭൂരഹിതരില്ലാത്ത കേരളം" പദ്ധതിയ്ക്കുവേണ്ടി റിസർവ് ചെയ്ത് ഉത്തരവായിട്ടുള്ളതും ബാക്കി 10 ഏക്കർ ഭൂമി 13.09.2013ലെ GO(MS)396/2013/RD നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി സഹകരണ വകുപ്പിന് കൈമാറുന്നതിന് ഉത്തരവാവുകയും ചെയ്തു.<br><br>എന്നാൽ 18.08.2000ലെ പ്രസ്തുത താലൂക്ക് ലാന്റ് ബോർഡ് ഉത്തരവിനെതിരെ വടക്കേക്കളം പ്ലാന്റേഷൻ ഫയൽ ചെയ്ത സി.ആർ.പി(എൽ.ആർ) 44/2013 നമ്പർ കേസിലെ ബഹു ഹൈക്കോടതിയുടെ 05.02.2013ലെ ഉത്തരവു പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. എന്നാൽ ടി കേസിൽ അന്തിമ ഉത്തരവ് ബഹു ഹൈക്കോടതി പുറപ്പെടുവിച്ചിട്ടില്ല. കേസ് വേഗത്തിൽ തീർപ്പാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സി.ആർ.പി(എൽ.ആർ) 44/2013 നമ്പർ കേസിലെ അന്തിമവിധിയ്ക്ക് അനുസൃതമായി മാത്രമെ പട്ടയ വിതരണം നടത്തുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ